**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**
**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**( ഹാജർ: ശ്രീ.ഷാന്റി ജോസഫ്, ബി.ടെക്ക് )**

**ഉത്തരവ് നമ്പർ ബി2/56103/2021/സി.ഇ. തീയതി : 03-02-2022**

വിഷയം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം—തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറും ഈ വകുപ്പിലെ മുൻ 1-ാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനുമായ ശ്രീമതി.നീതു കൃഷ്ണയെ വകുപ്പിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം
1. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27/12/2021-ലെ E3-15938/2021/CE/LSGD നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ ഇതേ നമ്പരായുള്ള 01/01/2022-ലെ കത്ത്.
3. സർക്കാരിന്റെ 17/01/2022-ലെ 2/ഡി2/2022/മതുവ നമ്പർ കത്ത്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനായിരുന്ന ശ്രീമതി.നീതു കൃഷ്ണ, ടിയാൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കേരള പി.എസ്.സി മുഖേന നിയമനം ലഭിച്ചതിനെ തുടർന്ന് 10/10/2019-ന് ഈ വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുകയും തദ്ദേശസ്വയംഭരണ വകുപ്പ് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ടിയാൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും മാതൃവകുപ്പിലെ 1-ാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ തിരികെ പ്രവേശിക്കുന്നതിനായി അപേക്ഷിക്കുകയും ആയതിന് തദ്ദേശസ്വയംഭരണ വകുപ്പിന് എതിർപ്പില്ലായെന്നും, ടിയാളുടെ പേരിൽ അച്ചടക്ക നടപടികളോ, ബാധ്യതകളോ നിലവിലില്ല എന്നും മേൽ പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു. ടിയാളുടെ ലീൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിലനിൽക്കുന്നതിനാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ തിരികെ പ്രവേശിക്കുന്നതിനായി രണ്ടാം പരാമർശം പ്രകാരം സർക്കാരിന്റെ അനുമതി അഭ്യർത്ഥിച്ചിരുന്നു. ടിയാളുടെ തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ അവകാശങ്ങളും വിട്ടൊഴിയേണ്ടതാണ് എന്ന വ്യവസ്ഥയോടെ സർക്കാർ പരാമർശം (1) പ്രകാരം ടിയാളെ വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മേൽ വിവരിച്ച സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി ജോലി ചെയ്യുന്ന ശ്രീമതി.നീതു കൃഷ്ണയ്ക്ക്



T3/SAJ

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 8 കുറിപ്പ് 3 പ്രകാരം മാതൃവകുപ്പായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 1-ാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ/ഓവർസീയർ തസ്തികയിൽ പുനഃപ്രവേശനം നൽകി ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു. ടിയാൾ തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ അവകാശങ്ങളും വിട്ടൊഴിഞ്ഞ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീമതി.നീതു കൃഷ്ണ
അസിസ്റ്റന്റ് എഞ്ചിനീയർ
നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്
(തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന)

പകർപ്പ് : 1.സെക്രട്ടറി, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
3. ചീഫ് എഞ്ചിനീയറുടെ സി.എയ്ക്ക്
4. ബി3, ബി4, എ6 സെക്ഷനുകൾക്ക്
5.വെബ്സൈറ്റിലേയ്ക്ക്

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്



T3/SAJ